**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3455** **02-03-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൃഷി ഇറക്കി നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ഹെക്ടർ ഒന്നിന് ആകെ 40,000/- രൂപ പ്രകാരം തരിശുനില കൃഷിക്ക് ആനുകൂല്യം നൽകുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ 'സുഭിക്ഷകേരളം' പദ്ധതി പ്രകാരം ആകെ 4,431 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. 2022-23 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1415 ഹെക്ടർ തരിശ് നെൽകൃഷി നടപ്പിലാക്കുന്നതിനായി 566 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് എന്തെങ്കിലും നിർമ്മാണ പ്രവർത്തികൾ ആവശ്യമെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കൃഷി ഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുന്ന പക്ഷം നെൽകൃഷി വികസന പദ്ധതിയിലെ "പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ബ്ലോക്ക് ലെവൽ കൺവെർജെൻസ്" എന്ന ഘടകത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.<br><br>കായൽ നിലങ്ങൾ ഉൾപ്പെടെയുള്ള നെൽപ്പാടങ്ങൾക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപയുടെ ആനുകൂല്യവും പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപയും ആനുകൂല്യമായി നൽകി വരുന്നു. ഈ സാമ്പത്തിക വർഷം കോട്ടയം |

| | | | |
|---|---|---|---|
| | | | ജില്ലയിലെ നാട്ടകത്തെ നാല് ഏക്കർ കായൽ നിലത്ത് തരിശ് നെൽകൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര ഹെക്ടർ പ്രദേശത്ത് നിലവിൽ നെൽ കൃഷി ചെയ്തുവരുന്നുണ്ട്; വിശദമാക്കാമോ? | (ബി) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2020-21 വർഷത്തിൽ സംസ്ഥാനത്ത് വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്ന് സീസണുകളിലായി ആകെ 205040 ഹെക്ടർ ആണ് നെൽക്കൃഷിയുടെ വിസ്തൃതി. പ്രസ്തുത വകുപ്പിന്റെ ഫൈനൽ എസ്റ്റിമേറ്റ് പ്രകാരം 2021-22 വർഷത്തിൽ നെൽക്കൃഷിയുടെ വിസ്തൃതി 194953.96 ഹെക്ടർ ആണ്. |

സെക്ഷൻ ഓഫീസർ